"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് -എയിംസ്ചാരിറ്റബിൾ എന്റോവ്മെന്റ് സോഫ്റ്റ് വെയർ നടപ്പിലാകുന്നതുമായി ബന്ധപ്പെട്ട് കെൽട്രോണിൽനിന്നുമുള്ള ടെക്നിക്കൽ സപ്പോർട്ടിന് കാലാവധി നീട്ടി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.2359/2020/ധന തീയതി, തിരുവനന്തപുരം, 20/03/2020.**

പരാമർശം 1) സ .ഉ (സാധാ )നം 1366/2011/ ധന തീയതി 24.02.2011
2) സ .ഉ (സാധാ )നം 229/2015/ ധന തീയതി 16.06.2015
3) സ .ഉ (സാധാ )നം 9580/2016/ ധന തീയതി 13.12.2016
4) സ .ഉ (സാധാ )നം 2441/2018/ ധന തീയതി 23.03.2018
5) സ .ഉ (സാധാ )നം 2123/2018/ ധന തീയതി 20.03.2019
6) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 21/02/2019 തീയതിയിലെ ഡി .കെ.എസ്.എ.469/2018/ ഐ .ടി .1 നമ്പർ കത്ത് .

**ഉത്തരവ്**

എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നും 22/02/2019 മുതൽ 21/02/2020 വരെ മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനവും ( One man month ന് 60000/- രൂപ നിരക്കിൽ), രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ സ്റ്റാഫിന്റെ സേവനവും (One man month ന് 70000/- രൂപ നിരക്കിൽ) എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് നിർവഹിക്കുന്നതിലേയ്ക്കായി (One man month ന് 60000/- രൂപ നിരക്കിൽ) പരാമർശം 5 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഈ ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫിന്റെ സേവനം 21/02/2020 ൽ അവസാനിക്കുകയാണെന്നും ഈ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്ന ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും 42 സബ് ഓഫീസുകളിൽ നിന്നും ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം 22/02/2020 മുതൽ 21/02/2021 വരെ തുടരണമെന്ന്

ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി 22/02/2020 മുതൽ 21/02/2021 വരെ ( One man month ന് 70000/- രൂപ നിരക്കിൽ), രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും (One man month ന് 60000/- രൂപ നിരക്കിൽ) മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും സേവനം കെൽട്രോണിൽ നിന്നും തുടർന്നും ലഭ്യമാക്കുന്നതിനും, എയിംസ് സോഫ്റ്റ് വെയറിന്റെയും ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ് വെയറിന്റെയും കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് മോഡിഫിക്കേഷൻ ആന്റ് എൻഹാൻസ്മെന്റ് നടത്തുന്നതിന് One man month ന് 60000/- രൂപ നിരക്കിൽ കെൽട്രോണിൽ നിന്നും Effort Qualification ഉം Cost Estimation ഉം ലഭ്യമാക്കി മേജറായ മോഡിഫിക്കേഷൻസിനു മാത്രം പോയിന്റ് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് പരാമർശം 6 പ്രകാരം ഓഡിറ്റ് വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 13/02/2019 ൽ കൂടിയ ഓഡിറ്റ് വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും പ്രസ്തുത ടെക്നിക്കൽ സപ്പോർട്ട് സ്റ്റാഫുകളുടെ സേവനം 22/02/2019 മുതൽ 21/02/2021 വരെ സർക്കാർ അനുമതിയോടുകൂടി തുടരാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 5 ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കംപ്ലയിന്റ് എസ്കലേഷൻ മെട്രിക്സ് (Complaint escalation metrix) തയ്യാറാക്കി വേണം പ്രോജക്ട് നടപ്പിലാക്കേണ്ടതെന്നും അതേ ഉത്തരവിൽ പറഞ്ഞിട്ടുള്ള Penalty clause കെൽട്രോണുമായുള്ള കരാറിൽ ഉൾപ്പെടുത്തണമെന്നുള്ള നിബന്ധനകൾക്ക് വിധേയമായി 22/02/2020 മുതൽ 21/02/2021 വരെയുള്ള ഒരു വർഷ കാലയളവിലേയ്ക്ക് One man month ന് 70000/- രൂപ നിരക്കിൽ, രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും One man month ന് 60000/- രൂപ നിരക്കിൽ മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റെയും സേവനം കെൽട്രോണിൽ നിന്നും തുടർന്നും ലഭ്യമാക്കുന്നതിനും, കെൽട്രോണിൽ നിന്നും Effort Qualification, Cost Estimation എന്നിവ ലഭ്യമാക്കി മേജറായ മോഡിഫിക്കേഷൻസിനു മാത്രം പോയിന്റ് അനുവദിക്കാവൂ എന്ന വ്യവസ്ഥയിൽ One man month ന് 60000/- രൂപ നിരക്കിൽ മോഡിഫിക്കേഷൻ ആന്റ് എൻഹാൻസ്മെന്റ് ഒരു വർഷത്തേയ്ക്ക് നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ചെലവ് "2054-00-098-88-34-പ്ലാൻ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീനി ജി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ എസ് എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ:34238)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ